**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4274** **18-07-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിരക്ക് വർദ്ധനവ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്; കേരളാ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 25.06.2022- ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം, 26.06.2022 മുതൽ പുതുക്കിയ വൈദ്യുതി താരിഫ് സംസ്ഥാനത്ത് നിലവിൽ വന്നു. താരിഫ് പരിഷ്കരണം മൂലം ശരാശരി 6.6% വർദ്ധനവ് വൈദ്യുതിയുടെ നിരക്കുകളിൽ വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (ബി) | വൈദ്യുത നിരക്ക് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിക്കാൻ സർക്കാർ ഏതെങ്കിലും കമ്മിറ്റി രൂപീകരിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | വൈദ്യുതി നിയമം, 2003-ലെ 62, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2021 നവംബറിൽ പുറപ്പെടുവിച്ച താരിഫ് റെഗുലേഷൻ, 2021 പ്രകാരം കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച ARR (Aggregate Revenue Requirement) & ERC (Expected Revenue from Charges), വിശദമായ പഠനങ്ങൾക്കും, പബ്ലിക് ഹിയറിംഗിനും ശേഷം റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള വൈദ്യുതി നിരക്കുകളിൽ, വൈദ്യുതി നിയമം - 2003 ലെ 65-ാം വകുപ്പ് പ്രകാരം ഗാർഹിക, കാർഷിക ഉപഭോക്താക്കൾക്കും ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർക്കും നൽകി വരുന്ന സബ്സിഡികൾ തുടർന്നും നൽകുന്നതായിരിക്കും.<br><br>കോവിഡ് അനന്തര കാലഘട്ടത്തിലെ സംസ്ഥാനത്തെ വിവിധ മേഖലകളിലെ പ്രയാസങ്ങളും അതോടൊപ്പം |

| | | | |
|---|---|---|---|
| | | | കെ.എസ്.ഇ.ബി.എൽ എന്ന യൂട്ടിലിറ്റിയുടെ നിലനിൽപ്പും കൂടി കണക്കിലെടുത്ത് രാജ്യത്തെ മറ്റു വിതരണ ലൈസൻസികളുടെ സമാനമായ വിഭാഗങ്ങളുടെ താരിഫ്, പണപ്പെരുപ്പം മൂലം കെ.എസ്.ഇ.ബി.എൽ-ന്റെ ചെലവിനങ്ങളിലെ വർദ്ധനവ് എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ-ലെ താരിഫ് സെൽ വിശദമായ പഠനം നടത്തിയാണ് താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ നൽകിയത്.<br><br>ടി നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ വിശദമായ പൊതു തെളിവെടുപ്പ് നടത്തുകയും പൊതുജനങ്ങളുടെയും ഉപഭോക്താക്കളുടെയും അഭിപ്രായങ്ങളും ആക്ഷേപങ്ങളും കൂടി പരിഗണിക്കുകയും കൂടാതെ വൈദ്യുതി നിയമത്തിലെയും ദേശീയ താരിഫ് പോളിസി, കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവയുടെയും അടിസ്ഥാനത്തിൽ വിശദമായ പരിശോധന നടത്തിയുമാണ് താരിഫ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | വൈദ്യുതി ബോർഡ് ലാഭത്തിലാണ് എന്ന് സംസ്ഥാന സർക്കാർ അവകാശപ്പെടുമ്പോഴും വൈദ്യുതി ചാർജ്ജ് വർദ്ധനവ് വരുത്തിയത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (സി) | കെ.എസ്.ഇ.ബി.എൽ 2021-22-ലെ താത്കാലിക കണക്കുകൾ പ്രകാരം ലാഭത്തിലാണെങ്കിലും കാലാകാലങ്ങളായി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് നികത്തുന്നതിനും അതുവഴിയുള്ള സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിനുമാണ് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കേണ്ടി വന്നത്. ആയതിനാൽ ഇത് ജനങ്ങളോടുള്ള വെല്ലുവിളിയായി കാണേണ്ടതില്ല.<br><br>വൈദ്യുതി നിയമം, 2003 -ലെ 61-ാം വകുപ്പ് പ്രകാരം, കേരളാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 - ലെ വ്യവസ്ഥകൾ പ്രകാരം, 2022-2023 സാമ്പത്തിക വർഷത്തേക്കുള്ള വൈദ്യുതി താരിഫ് പരിഷ്കരണത്തിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ARR & ERC പെറ്റീഷൻ പ്രകാരമുള്ള പ്രതീക്ഷിത റവന്യൂ ഗ്യാപ്പ് 2852.58 കോടി രൂപയാണ്. 2022–23-ൽ 496.20 കോടി രൂപയുടെ ലാഭം ഉണ്ടാവും എന്ന നിലയിലാണ്, കെ.എസ്.ഇ.ബി.എൽ-ന്റെ ബഡ്ജറ്റ് മാനുവൽ അനുസരിച്ച്, 2022–23- ലെ ഫിനാൻഷ്യൽ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കമ്പനിയിൽ ബഡ്ജറ്ററി കൺട്രോൾ നടപ്പിലാക്കി, സാമ്പത്തികമായി അച്ചടക്കത്തോടെയുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനത്തോടൊപ്പം പ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണത്തിലൂടെ കൂടുതൽ വൈദ്യുതി വില്പന ലക്ഷ്യം വച്ചാണ് ബഡ്ജറ്റ് തയ്യാറാക്കുന്നത്.<br><br>കമ്മീഷൻ അംഗീകരിച്ചതും എന്നാൽ താരിഫിലൂടെ 2021 വരെ നികത്താത്തതുമായ പഴയകാല റവന്യൂകമ്മി 7124 കോടിയോളം രൂപയായി നിലനിന്നിരുന്ന സാഹചര്യത്തിലും തുടർന്നുള്ള കാലങ്ങളിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി വാങ്ങൽ, അറ്റകുറ്റപണികൾ തുടങ്ങിയ ചെലവുകൾ മൂലം റവന്യൂ കമ്മിയുണ്ടാവുന്ന സാഹചര്യത്തിലുമാണ് താരിഫ് പരിഷ്കരണം അനിവാര്യമായത്. |

സെക്ഷൻ ഓഫീസർ